**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4544** **29-10-2021 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനത്തിനകത്തുള്ള സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുത്ത് സ്വാഭാവിക വനങ്ങൾ ആയി പുന:സ്ഥാപിക്കുന്ന പദ്ധതിയിൽ നിലവിൽ ഏറ്റെടുക്കുന്നതിനായി തീരുമാനിച്ചിട്ടുള്ള എസ്റ്റേറ്റുകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; | (എ) | റീബിൽഡ് കേരള ഡവലപ്പ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി വനം വകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്ന ഒരു ഉപപദ്ധതിയാണ് സ്വകാര്യ എസ്റ്റേറ്റുകളുടെ ഏറ്റെടുക്കൽ. 14/11/2019-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) 483/2018/പി&ഇഎ നമ്പർ പ്രകാരം ഈ പദ്ധതിക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. വനത്തിനകത്ത് സ്ഥിതി ചെയ്യുന്ന സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുത്ത് സ്വാഭാവിക വനങ്ങളായി പുന:സ്ഥാപിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ആദ്യഘട്ടത്തിൽ 6 ഡിവിഷനുകളിലായി 13 എസ്റ്റേറ്റുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെൻറ് ഓഫ് ഇക്കോളജിക്കലി ഫ്രെജൈൽ ലാന്റ്സ്) ആക്റ്റ്, 2003 സെക്ഷൻ 4(1) പ്രകാരം നഷ്ടപരിഹാരം നൽകിയോ, റൈറ്റ് റ്റു ഫെയർ കോമ്പൻസേഷൻ & ട്രാൻസ്പരൻസി ഇൻ ലാൻറ് അക്വിസേഷൻ, റീഹാബിലിറ്റേഷൻ & റീസെറ്റിൽമെൻറ് ആക്റ്റ്, 2013 പ്രകാരമോ 1450.1688 ഹെക്ടർ സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഏറ്റെടുക്കാൻ അനുമതിയുള്ള എസ്റ്റേറ്റുകളുടെ പട്ടിക അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത എസ്റ്റേറ്റുകൾ ആരുടെ ഉടമസ്ഥതയിലാണെന്നും എവിടെയാണ് സ്ഥിതി ചെയ്യുന്നതെന്നും വെളിപ്പെടുത്തുമോ? | (ബി) | ഏറ്റെടുക്കലിന്റെ ഭാഗമായി ഡിവിഷൻ തലത്തിൽ എസ്റ്റേറ്റ് ഉടമകളുമായി പ്രാരംഭ ചർച്ചയും ബന്ധപ്പെട്ട രേഖകളുടെ പരിശോധനയും ആരംഭിച്ചിട്ടുണ്ട്. ആയത് പൂർത്തീകരിച്ച ശേഷം മാത്രമേ ആരുടെ ഉടമസ്ഥതയിലാണെന്നും മറ്റുമുള്ള വിവരങ്ങൾ തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ